## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.627 28/02/2018-ൽ മറുപടിയ്ക്ക്

## പുതിയ തൊഴിൽ സംരംഭകർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട പുതിയ തൊഴിൽ സംരംഭകർക്കുവേണ്ടി വകുപ്പ് എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ ബിസിനസ്സിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി പട്ടികജാതി വികസനവകുപ്പും കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് സ്റ്റാർട്ട് അപ് ഡ്രീംസ് എന്ന പേരിൽ ഒരു പദ്ധതി തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന് കീഴിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകൾക്ക് ഫണ്ട് സപ്പോർട്ട് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശത്ത് തൊഴിൽ നേടുന്നതിനും, സ്വയംതൊഴിൽ ആരംഭിക്കുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗത്തിൽപ്പെട്ട പുതിയ തൊഴിൽ സംരംഭകർക്കുവേണ്ടി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | അനുബന്ധം 1, ആയി ചേർത്തിട്ടുണ്ട്.<br><br>ഇതിനുപുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി മിൽമ, കുടുംബശ്രീ, മീറ്റ് പ്രോഡക്ടസ് ഓഫ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br>• കൂടാതെ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>• പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഐ.റ്റി മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ 'സെന്റർ ഓഫ് എക്സലൻസ്' എന്ന സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>• പട്ടികവർഗ്ഗ വനിതകൾക്ക് വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനും തൊഴിൽ ഉറപ്പു വരുത്തുന്നതിനായി അപ്പാരൽ പാർക്ക് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 250 പട്ടികവർഗ്ഗ യുവതികൾക്കാണ് പരിശീലനം നൽകുന്നത്. തൊഴിൽ ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ സ്ത്രീ ശാക്തീകരണവും കൂടി ലക്ഷ്യമിടുന്ന പദ്ധതിയാണിത്.<br><br>**ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ**<br>1. കൃഷി<br>2. പശു, ആട് വളർത്തൽ |

| | | | |
|---|---|---|---|
| | | | 3. ക്രിമിറ്റോറിയംപെട്ടി അനുവദിക്കൽ<br>4. യന്ത്രസഹായത്തോടെ കാട് വെട്ടൽ<br>5. യന്ത്രസഹായത്തോടെ മരംമുറി<br>6. തയ്യൽ യൂണിറ്റുകൾ<br>7. വയറിംഗ്<br>8. പി.എസ്.സി പരിശീലനം<br>9. ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ<br>10. സിവിൽ ആർക്കിടെക്ചർ ഡ്രാഫ്റ്റിംഗ് ലാന്റ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം<br>11. കോഴിയും കൂടും പദ്ധതി<br>12. ചെറുകിട വ്യാപാരം<br><br>**കോർപ്പസ് ഫണ്ട്**<br>1. കുടനിർമ്മാണം<br>2. മത്സ്യ കച്ചവടം<br>3. ബേക്കറി<br>4. തുണിക്കട<br>5. കോഫീബാർ<br>6. യന്ത്രവൽകൃത പുൽവെട്ടൽ<br>7. യന്ത്രവൽകൃത പാൽകറവ<br>8. റബ്ബർ റോളർ വിതരണം<br>9. പെട്ടിക്കടകൾ<br>10. പന്നി വളർത്തൽ<br><br>ജില്ലാ അടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്.<br><br>**എസ്.സി.എ ടു റ്റി.എസ്.പി നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ**<br>1. യന്ത്രവൽകൃത തെങ്ങുകയറ്റം<br>2. യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്<br>3. യന്ത്രവൽകൃത കൃഷി, തയ്യൽ |

| | | | |
|---|---|---|---|
| | | | 4. ഗാർമെന്റ് ആന്റ് ടെയിലറിംഗ് യൂണിറ്റ്<br>5. ഡയറി ഡെവലപ്മെന്റ് യൂണിറ്റ്<br>6. ഫോട്ടോസ്റ്റാറ്റ് മെഷീൻ<br>7. തൊഴിൽ സംഗീത ഉപകരണങ്ങൾ<br>8. യന്ത്രവൽകൃത കള പറിക്കൽ<br>9. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്<br>10. ഹെവി മോട്ടോർ ഡ്രൈവിംഗ്<br>11. കയർ ഉത്പാദനം<br>12. യന്ത്രവൽകൃത മരംവെട്ട്<br>13. ഫാഷൻ ടെക്നോളജി<br>14. കമ്പ്യൂട്ടർ ട്രെയിനിംഗ്<br>15. ഹാർച്ചറി യൂണിറ്റ്<br>16. യന്ത്രവൽകൃത കവുങ്ങ് (അടക്ക) കയറ്റം<br>17. മെഴുകുതിരി നിർമ്മാണം<br>18. കലാപരമായ ഉൽപ്പന്നങ്ങൾ<br>19. ഫർണിച്ചർ ഉത്പാദനം. |
| **(ബി)** | സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സബ്സിഡിയോടു കൂടിയ വായ്പ പദ്ധതി ആരംഭിക്കാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ; | **(ബി)** | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പേറഷൻ തൊഴിൽ സംരംഭകർക്കായി സബ്സിഡിയോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഒ.ബി.സി വിഭാഗ ത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം ആരംഭിക്കുന്നതിനു വേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ പരമാവധി 2 ലക്ഷം രൂപ വരെ മൂലധന സബ്സിഡി ലഭ്യമാകുന്ന വായ്പാ പദ്ധതിയും നോർക്കാ റൂട്ട്സിന്റെ പ്രവാസി പുനരധിവാസ പദ്ധതി പ്രകാരം പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വേണ്ടി പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും ലഭ്യമാകുന്ന റി-ടേൺ വായ്പാ |

| | | | |
|---|---|---|---|
| | | | പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിൽ ആർക്കൊക്കെയാണ് മുൻഗണന ലഭിക്കുക എന്ന് വ്യക്ത മാക്കാമോ; | (സി) | സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും ബിരുദ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (MBBS, BDS, BAMS, B.Tech, BHMS മുതലായവ) വിജയകരമായി പൂർത്തീകരിച്ചവരു മായ, ഗ്രാമ പ്രദേശത്ത് 98,000/- രൂപ വരെയും നഗരപ്രദേശത്ത് 1,20,000/- രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള നവസംരംഭകർക്കാണ് സ്റ്റാർട്ട്അപ്പ് പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്. പിന്നാക്കവിഭാഗ വികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ അധികരി ക്കുന്ന അപേക്ഷകർ ഉള്ള പക്ഷം സംരംഭകരുടെ പ്രൊഫഷണൽ യോഗ്യതയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നവർക്കും നൂതന ആശയങ്ങളുമായി മുന്നോട്ട് വരുന്ന സംരംഭകർക്കും മുൻഗണന നൽകുന്ന കാര്യം പരിഗണനയിലാണ്.<br><br>നോർക്കാ റൂട്ട്സിന്റെ പ്രവാസി പുനരധിവാസ പദ്ധതി പ്രകാരമുള്ള റി-ടേൺ വായ്പാ പദ്ധതി പ്രകാരമുള്ള വായ്പ നോർക്കാറൂട്ട്സ് ശുപാർശ ചെയ്യുന്ന പ്രവാസികൾക്ക് മാത്രമാണ് അനുവദി ക്കുന്നത്. ഇത്തരത്തിൽ ശുപാർശ ചെയ്യപ്പെടുന്ന പ്രവാസികളിൽ കോർപ്പറേഷന്റെ വ്യവസ്ഥകൾ പ്രകാരം അർഹരായ മുഴുവൻ അപേക്ഷകർക്കും വായ്പ അനുവദിക്കുന്നതാണ്. |
| (ഡി) | ടി പദ്ധതിപ്രകാരം നൽകുന്ന വായ്പകളുടെ വിശദാംശം നൽകാമോ; | (ഡി) | റി-ടേൺ വായ്പാ പദ്ധതി, സ്റ്റാർട്ട്അപ്പ് വായ്പാ പദ്ധതി എന്നിവയുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 3, അനുബന്ധം 4 ആയി ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഇ) | നിലവിൽ സ്റ്റാർട്ടപ്പ് സംരംഭകർക്ക് കേന്ദ്ര സർക്കാർ പദ്ധതിയായ മുദ്രലോൺ വാങ്ങിയവരിൽ നിന്ന് ദേശസാത്കൃത ബാങ്കുകൾ വൻ പലിശയാണ് ഈടാക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | എങ്കിൽ പുതിയ വായ്പ പദ്ധതി നവസംരംഭകർക്ക് ഏതെല്ലാം രീതിയിൽ ആശ്വാസമാവുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഏറ്റവും കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലും കോർപ്പറേഷൻ അനുവദിക്കുന്ന ഈ രണ്ട് പദ്ധതികൾ പ്രകാരമുള്ള വായ്പകളും കേരളത്തിൽ ഇന്ന് നിലവിലുള്ള മറ്റ് ഏതൊരു വായ്പാ പദ്ധതി യേക്കാളും ആകർഷകമാണ്. ടി പദ്ധതികൾ പ്രകാരം വായ്പ എടുക്കുന്ന സംരംഭകർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാകുന്നതിനാൽ മുതലും പലിശയും സഹിതം വായ്പാ തുകയേക്കാൾ കുറഞ്ഞ തുക മാത്രമാണ് തിരിച്ചടയ്ക്കേണ്ടിവരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

സുസ്ഥിരമായ ജീവനോപാധി ഉറപ്പാക്കുന്നതിനുള്ള പദ്ധതി ഗോത്രജീവിക

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സുസ്ഥിരവും ലാഭകരവുമായ തൊഴിൽ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കേരള സർക്കാർ** സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റു (സി.എം.ഡി.) മായി ചേർന്ന് അവർ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ(ഊരുകളിൽ) വച്ചു പരിശീലനങ്ങൾ സംഘടിപ്പിച്ച് പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ഗോത്ര ജീവിക' എന്ന പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി 3.34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽ തൽപരത വിദഗ്ദ്ധ പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക, സംരംഭകത്വം വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം

പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

*ഒന്നാം ഘട്ടം*

ഒന്നാം ഘട്ടത്തിന്റെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- തൊഴിൽ വൈദഗ്ധ്യ വിടവ് (Skill – Gap) വിലയിരുത്തൽ
- അവസരങ്ങളെ കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശക ശില്പശാലകൾ
- പരിശീലന മേഖലകളുടെ തെരഞ്ഞെടുക്കൽ
- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ

*രണ്ടാം ഘട്ടം*

ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ മേഖലകളിലുള്ള പ്രായോഗിക പരിശീലനമാണ് അടുത്തഘട്ടം. വികേന്ദ്രീകൃതമായവിധം കൂടുതൽ ഗുണഭോക്താക്കളുള്ള ആദിവാസി മേഖലകളിൽ വച്ചാണ് ഓരോ പരിശീലനവും സംഘടിപ്പിക്കുന്നത്. പരിശീലന സ്ഥാപനമായസി.എം.ഡി. യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ഓരോ പരിശീലനവും നടത്തുന്നത്. പരിശീലന ഇനങ്ങളെ താഴെപ്പറയുംവിധം തരംതിരിച്ചിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 2.

**2016-17 ൽ കാർഷിക പരമ്പരാഗത മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.**

മിൽമ മുഖേന നടപ്പിലാക്കുന്ന പദ്ധതി 2016-17

| ജില്ല | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| മലപ്പുറം | 128.58 ലക്ഷം | 40 |
| എറണാകുളം-കുട്ടമ്പുഴ(എറണാകുളം) | 162.11 ലക്ഷം | 40 |
| കാസർഗോഡ്(മലബാർ) | 242.18 ലക്ഷം | 100 |
| തിരുവനന്തപുരം, കൊല്ലം,ആലപ്പുഴ, പത്തനംതിട്ട(തിരുവനന്തപുരം) | 45.60 ലക്ഷം | 30 |

കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതി

| | | | |
|---|---|---|---|
| പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസന പദ്ധതി. | 350.00 ലക്ഷം | 2016-17 | 18,000 |

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

| | | | |
|---|---|---|---|
| മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നത് | 30.00 ലക്ഷം | 2016-17 | 10 |

സെക്ഷൻ ഓഫീസർ

## റിട്ടേൺ വായ്പാ പദ്ധതി

**കോർപ്പറേഷൻ കേരള സർക്കാർ സ്ഥാപനമായ നോർക്കാ റൂട്ട്സ് NDPREM പദ്ധതിയുടെ ഭാഗമായി പ്രവാസികൾക്കുവേണ്ടി നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പ പദ്ധതിയാണിത്. ഡയറി ഫാം** പൗൾട്രി ഫാം, അക്വാകൾച്ചർ, ബേക്കറി, സാനിറ്ററി ഷോപ്പ്, ഹാർഡ്‌വെയർ ഷോപ്പ്, ഫർണ്ണിച്ചർ ഷോപ്പ്, റസ്റ്റോറന്റ്, ടാക്സി/പിക്കപ്പ് വാഹനങ്ങൾ, ബ്യൂട്ടി പാർലർ, ഹോളോബ്രിക്സ് യൂണിറ്റ്, പ്രൊവിഷൻ സ്റ്റോർ, ഡ്രൈവിംഗ് സ്കൂൾ, ഫിറ്റ്നെസ്സ് സെന്റർ, സൂപ്പർ മാർക്കറ്റ്, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, ഓർക്കിഡ് കൃഷി, റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്, ഫ്ളോർ മിൽ, ഡ്രൈക്ലീനിംഗ് സെന്റർ, ഫോട്ടോ സ്റ്റാറ്റ്/ഡി.റ്റി.പി. സെന്റർ, മൊബൈൽ ഷോപ്പ്, ഫാൻസി/സ്റ്റേഷനറി സ്റ്റോർ, മിൽമാ ബൂത്ത്, പഴം/പച്ചക്കറി വില്പനശാല, ഐസ്ക്രീം പാർലർ, മീറ്റ് സ്റ്റാൾ, ബുക്ക് സ്റ്റാൾ, സിവിൽ എഞ്ജിനിയറിംഗ് കൺസൾട്ടൻസി, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്, ഡിജിറ്റൽ സ്റ്റുഡിയോ, വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ്, മെഡിക്കൽ ഡിജിറ്റൽ സ്റ്റുഡിയോ, വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ്, മെഡിക്കൽ ക്ളിനിക്ക്, വെറ്റിനറി ക്ളിനിക്ക് തുടങ്ങി വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. പരമാവധി വായ്പ തുക 20 ലക്ഷം രൂപയാണ്. കേരളത്തിലെ മറ്റു പിന്നോക്ക വിഭാഗത്തിലും (ഒ.ബി.സി) വിഭാഗത്തിലും, മതന്യൂനപക്ഷ വിഭാഗത്തിലും ഉൾപ്പെട്ട 18-നും 65-നും മദ്ധ്യേ പ്രായമുള്ളവരും, പ്രവാസ ജീവിതത്തിനുശേഷം നാട്ടിൽ സ്ഥിരതാമസക്കാരുമായ സംരംഭകർക്കാണ് വായ്പ അനുവദിക്കുന്നത്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയും, മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയും പ്രത്യേകം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഒ.ബി.സി. വിഭാഗത്തിനുള്ള പദ്ധതി | മതന്യൂനപക്ഷ വിഭാഗത്തിനുള്ള പദ്ധതി | |
|---|---|---|---|
| | | പദ്ധതി - 1 | പദ്ധതി - 2 |
| പരമാവധി വായ്പ തുക | 20 ലക്ഷം | 20 ലക്ഷം | 20 ലക്ഷം |
| കുടുംബ വാർഷിക വരുമാന പരിധി | ഗ്രാമപ്രദേശത്ത് വസിക്കുന്ന അപേക്ഷകൻ - 98,000/- രൂപ വരെ നഗരപ്രദേശത്ത് വസിക്കുന്ന അപേക്ഷകൻ 1,20,000/- രൂപ വരെ | ഗ്രാമപ്രദേശത്ത് വസിക്കുന്ന അപേക്ഷകൻ - 98,000/- രൂപ വരെ നഗരപ്രദേശത്ത് വസിക്കുന്ന അപേക്ഷകൻ 1,20,000/- രൂപ വരെ | 6,00,000/- രൂപ വരെ |
| പ്രായപരിധി | 18-65 | 18-65 | 18-65 |
| പലിശനിരക്ക് | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനു മുകളിൽ - 7% | - 6% | സ്ത്രീകൾ - 6%<br>പുരുഷൻമാർ - 8% |
| തിരിച്ചടവ് കാലാവധി | 84 മാസം വരെ | 60 മാസം | 60 മാസം |

<u>പദ്ധതി പ്രകാരമുള്ള പ്രത്യേക ആനുകൂല്യങ്ങൾ</u>

1) നോർക്കാ മൂലധന സബ്സിഡി

പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി നോർക്കാ റൂട്ട്സ് അനുവദിക്കുന്നതാണ്. പരമാവധി സബ്സിഡി തുക - 3 ലക്ഷം രൂപ. പദ്ധതി പ്രകാരം പ്രവാസി ആരംഭിക്കുന്ന സംരംഭം സബ്സിഡി അനുവദിച്ച തീയതി മുതൽ 4 വർഷം വരെ നിലവിലുണ്ടായിരിക്കേണ്ടതാണ് അല്ലാത്തപക്ഷം സബ്സിഡി ലഭ്യമാകുന്നതല്ല.

2) നോർക്കാ-റൂട്ട്സ് പലിശ സബ്സിഡി

വായ്പ തിരിച്ചടവിന്റെ ആദ്യ നാലു വർഷങ്ങളിൽ 3% നിരക്കിൽ പലിശ സബ്സിഡി നോർക്കാ റൂട്ട്സ് അനുവദിക്കുന്നതാണ്. സംരംഭകന് വായ്പ അനുവദിച്ചപ്പോൾ നിശ്ചയിച്ച പലിശ നിരക്കിൽ തന്നെ തിരിച്ചടവ് നടത്തേണ്ടതാണ്. നോർക്കാ-റൂട്ട്സ് പലിശ സബ്സിഡി കോർപ്പറേഷന് ലഭ്യമാക്കുന്ന മുറയ്ക്ക് ഈ ആനുകൂല്യം സംരംഭകന് തിരികെ നൽകുന്നതാണ്.

3) കെ.എസ്.ബി.സി.ഡി.സി ഗ്രീൻ കാർഡ് ആനുകൂല്യം

***കൃത്യമായി വായ്പ തിരിച്ചടക്കുന്നതിനുവേണ്ടി കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രോത്സാഹന*** പദ്ധതിയാണ് ഗ്രീൻകാർഡ് ഇതു പ്രകാരം മുടക്കമില്ലാതെ എല്ലാ ഗഡുക്കളും നിശ്ചിത തീയതിക്കു മുൻപു തന്നെ ഒടുക്കുന്ന വായ്പക്കാർക്ക് പലിശയിനത്തിൽ മൊത്തം തിരിച്ചടച്ച തുകയുടെ 5% ഇളവ് നൽകുന്നതാണ്.

<u>അപേക്ഷ സമർപ്പണം</u>

പദ്ധതി പ്രകാരം നോർക്കാ-റൂട്ട്സ് ശുപാർശ ചെയ്യുന്ന അപേക്ഷകർക്കാണ് കോർപ്പറേഷൻ പദ്ധതി നിബന്ധനകൾക്ക് വിധേയമായി വായ്പ ലഭ്യമാക്കുന്നത്. നോർക്കാ-റൂട്ട്സ് ശുപാർശ ചെയ്യുന്ന പ്രവാസികൾ ജില്ലാ, ഉപജില്ലാ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫാറം പൂരിപ്പിച്ച് താഴെ പറയുന്ന രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

1) റേഷൻ കാർഡിന്റെ പകർപ്പ്
2) ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
3) ആധാർ കാർഡിന്റെ പകർപ്പ്
4) അപേക്ഷകന്റെ/കുടുംബാംഗങ്ങളുടെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും കരമടച്ച രസീതിന്റെ പകർപ്പ്
5) അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് (എസ്.എസ്.എൽ.സി./സ്കൂൾ സർട്ടിഫിക്കറ്റ് മുതലായവ)
6) ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്.
7) വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന കുടുംബവാർഷിക വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
8) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐ എഫ് എസ് കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.

3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറത്തിൽ പ്രോജക്ട് റിപ്പോർട്ട് എഴുതി സമർപ്പിച്ചാൽ മതിയാകും. എന്നാൽ 3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് മലയാളത്തിലോ, ഇംഗ്ലീഷിലോ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാജരാക്കണം. താഴെ പറയുന്ന വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തണം.

1. സംരംഭകനെക്കുറിച്ചുള്ള വിവരങ്ങൾ (വിദ്യാഭ്യാസയോഗ്യത, സാങ്കേതിക യോഗ്യത, പ്രായോഗിക പരിചയം തുടങ്ങിയവ)
2. പദ്ധതിയുടെ വിശദാംശങ്ങൾ
3. പദ്ധതി തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത
4. പദ്ധതി ചെലവും ധനാഗമന മാർഗ്ഗങ്ങളും
5. പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികൾ
6. പദ്ധതിക്കാവശ്യമായ പ്രവർത്തനമൂലധനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ
7. വിപണി സാധ്യതകൾ
8. ഉൽപ്പന്നം വിപണനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ
9. പദ്ധതി നടത്തിയാൽ ലഭിക്കാവുന്ന ലാഭം കണക്കാക്കി ഇതു സംബന്ധിച്ച് പ്രതീക്ഷിക്കുന്ന 5 വർഷത്തെ ലാഭ നഷ്ടക്കണക്കും, ബാലൻസ് ഷീറ്റും.
10. 5 വർഷത്തെ ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്
11. പദ്ധതിയുടെ ലാഭക്ഷമത വിലയിരുത്തുന്നതിനുള്ള സൂചികകൾ - (BEP, Pay Back Period, DSCR, IRR മുതലായവ).

*പദ്ധതിക്കാവശ്യമായ പ്രവർത്തനമൂലധനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ*

7. വിപണി സാധ്യതകൾ
8. ഉൽപ്പന്നം വിപണനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ
9. പദ്ധതി നടത്തിയാൽ ലഭിക്കാവുന്ന ലാഭം കണക്കാക്കി ഇതു സംബന്ധിച്ച് പ്രതീക്ഷിക്കുന്ന 5 വർഷത്തെ ലാഭ നഷ്ടക്കണക്കും, ബാലൻസ് ഷീറ്റും.
10. 5 വർഷത്തെ ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്
11. പദ്ധതിയുടെ ലാഭക്ഷമത വിലയിരുത്തുന്നതിനുള്ള സൂചികകൾ - (BEP, Pay Back Period, DSCR, IRR മുതലായവ).

<u>പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം സമർപ്പക്കേണ്ട രേഖകൾ</u>

* പദ്ധതിയ്ക്ക് യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ/ഫർണിച്ചറുകൾ ആവശ്യമുള്ള പക്ഷം ആയത് വാങ്ങുന്നതിനായി GST രജിസ്ട്രേഷനുള്ള നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരിൽ നിന്നുള്ള ഇൻവോയ്സ്/ക്വട്ടേഷൻ.

പദ്ധതിയുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങളോ, ഇന്റീരിയർ ഫർണിഷിങ്ങോ ആവശ്യമുള്ളപക്ഷം ലൈസൻസ്ഡ് എൻജിനിയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ്.

നിർദ്ദിഷ്ഠ വിദ്യാഭ്യാസ/സാങ്കേതിക യോഗ്യത ആവശ്യമുള്ള സംരംഭമാണെങ്കിൽ ബന്ധപ്പെട്ട യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

<u>ജാമ്യ വ്യവസ്ഥ</u>

വായ്പ അനുവദിക്കുന്നതിന് കോർപ്പറേഷൻ ഉദ്യോഗസ്ഥജാമ്യം/വസ്തു ജാമ്യം/സ്ഥിര നിക്ഷേപം/എൽ.ഐ.സി. പോളിസി മുതലായവ ജാമ്യമായി സ്വീകരിക്കുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി ഇവയിൽ ഒന്നോ, ഒന്നിലധികമോ രേഖകൾ കൂട്ടിച്ചേർത്തോ ജാമ്യമായി സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം - A

## സ്റ്റാർട്ട്അപ് വായ്പാ പദ്ധതി

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ് സംരംഭം ആരംഭിക്കുന്നതിനു വേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന വായ്പാ പദ്ധതിയാണ് സ്റ്റാർട്ട് അപ് വായ്പ

പദ്ധതി പ്രകാരം പരമാവധി 10 ലക്ഷം രൂപവരെ വായ്പയായി അനുവദിക്കുന്നതാണ്. ഗ്രാമപ്രദേശത്ത് 98,000/- രൂപവരെയും നഗരപ്രദേശത്ത് 1,20,000/- രൂപ വരെയും വാർഷിക വരുമാനമുള്ളവർക്ക് 5 ലക്ഷം രൂപ വരെ 6% പലിശ നിരക്കിലും അതിനുമുകളിൽ 10 ലക്ഷം രൂപവരെ 7% പലിശ നിരക്കിലും വായ്പ ലഭിക്കും. തിരിച്ചടവ് കാലയളവ് 84 മാസം വരെ. അപേക്ഷകൻ സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും ബിരുദ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (MBBS, BDS, BAMS, B.Tech, BHMS മുതലായവ) വിജയകരമായി പൂർത്തീകരിച്ചവരമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല.

വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും. ടി തുക അപേക്ഷകന്റെ വായ്പാ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതാണ്. സംരംഭകൻ സബ്സിഡി കഴിച്ചുള്ള തുകയും അതിന്റെ പലിശയും മാത്രമാണ് തിരിച്ചടയ്ക്കേണ്ടി വരുന്നത്. പദ്ധതി പ്രയോജനപ്പെടുത്തി സ്റ്റാർട്ട്അപ്പ് സംരംഭം ആരംഭിക്കുന്നതിന് തത്പരരായ പ്രൊഫഷണലുകൾ www.ksbcdc.com എന്ന കോർപ്പറേഷൻ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന സംരംഭകർ കോർപ്പറേഷൻ സംഘടിപ്പിക്കുന്ന സംരംഭകത്വ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിൽ പങ്കെടുക്കുന്ന യോഗ്യരായ അപേക്ഷകർക്ക് പദ്ധതി വ്യവസ്ഥകൾ പ്രകാരം വായ്പ അനുവദിക്കുന്നതാണ്.

**അപേക്ഷ സമർപ്പണം**

സംരംഭകത്വ സെമിനാറിൽ പങ്കെടുക്കുന്ന പ്രൊഫഷണലുകൾക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. ടി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ ഓഫീസിൽ ഹാജരായി വായ്പാ അപേക്ഷാ ഫോറം കൈപ്പറ്റണം.

1) റേഷൻ കാർഡിന്റെ പകർപ്പ്
2) ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
3) ആധാർ കാർഡിന്റെ പകർപ്പ്
4) അപേക്ഷകന്റെ/കുടുംബാംഗങ്ങളുടെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും കരമടച്ച രസീതിന്റെ പകർപ്പ്
5) അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് (എസ്.എസ്.എൽ.സി./സ്കൂൾ സർട്ടിഫിക്കറ്റ് മുതലായവ)
6) ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്.
7) വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന കുടുംബവാർഷിക വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
8) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐ എഫ് എസ് കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.

ഇതിനു പുറമേ മലയാളത്തിലോ, ഇംഗ്ലീഷിലോ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാജരാക്കണം. താഴെ പറയുന്ന വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തണം.

1. സംരംഭകനെക്കുറിച്ചുള്ള വിവരങ്ങൾ (വിദ്യാഭ്യാസയോഗ്യത, സാങ്കേതിക യോഗ്യത, പ്രായോഗിക പരിചയം തുടങ്ങിയവ)
2. പദ്ധതിയുടെ വിശദാംശങ്ങൾ
3. പദ്ധതി തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത
4. പദ്ധതി ചെലവും ധനാഗമന മാർഗ്ഗങ്ങളും
5. പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികൾ

പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം സമർപ്പക്കേണ്ട രേഖകൾ

പദ്ധതിയ്ക്ക് യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ/ഫർണിച്ചറുകൾ ആവശ്യമുള്ള പക്ഷം ആയത് വാങ്ങുന്ന തിനായി GST രജിസ്ട്രേഷനുള്ള നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരിൽ നിന്നുള്ള ഇൻവോയ്സ്/ക്വട്ടേഷൻ.

പദ്ധതിയുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങളോ, ഇന്റീരിയർ ഫർണിഷിങ്ങോ ആവശ്യമുള്ളപക്ഷം ലൈസൻസ്ഡ് എൻജിനിയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ്.

നിർദ്ദിഷ്ഠ വിദ്യാഭ്യാസ/സാങ്കേതിക യോഗ്യത ആവശ്യമുള്ള സംരംഭമാണെങ്കിൽ ബന്ധപ്പെട്ട യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

ജാമ്യ വ്യവസ്ഥ

വായ്പ അനുവദിക്കുന്നതിന് കോർപ്പറേഷൻ ഉദ്യോഗസ്ഥജാമ്യം/വസ്തു ജാമ്യം/സ്ഥിര നിക്ഷേപം/എൽ. ഐ.സി. പോളിസി മുതലായവ ജാമ്യമായി സ്വീകരിക്കുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി ഇവ യിൽ ഒന്നോ, ഒന്നിലധികമോ രേഖകൾ കൂട്ടിച്ചേർത്തോ ജാമ്യമായി സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ